**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി രമ്യ എസ് ആനന്ദ്, ലോവർ ഡിവിഷൻ ക്ലാർക്ക്, സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), പത്തനംതിട്ട യുടെ അന്യത്ര സേവനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1769/2018/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 28/06/2018**

---

പരാമർശം:- 1. 26/05/2014-ലെസ.ഉ(സാധാ)1292/2014/തസ്വഭവ ഉത്തരവ്
2. 01.10.2015 ലെ സ.ഉ.(സാധാ)2980/15/തസ്വഭവ ഉത്തരവ്
3. 05.08.2017 ലെ സ.ഉ.(സാധാ)2719/17/തസ്വഭവ ഉത്തരവ്
4. 17.01.2018 ലെ സ.ഉ.(സാധാ)145/18/തസ്വഭവ ഉത്തരവ്
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.06.2018-ലെ 1745/ഇ 1/14/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി തുടരുന്ന ശ്രീമതി രമ്യ എസ് ആനന്ദ്, ലോവർ ഡിവിഷൻ ക്ലാർക്ക്, സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), പത്തനംതിട്ടയുടെ അന്യത്രസേവന കാലാവധി 09/06/2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി രമ്യ എസ് ആനന്ദിന്റെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി 09/06/2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**